**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **13-02-2025 - ൽ മറുപടിയ്ക്ക്**

**യു.ജി.സി.യുടെ മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി.യുടെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിത്തറ തകർക്കുന്നതും സംഘപരിവാർ അജണ്ട അടിച്ചേൽപ്പിക്കുന്നതും ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. 2025 ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തയിട്ടുണ്ട്. കരട് റെഗുലേഷനിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ചാൻസലറുടെ നോമിനി ചെയർപേഴ്സണും രണ്ട് അംഗങ്ങൾ പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസിലർ കൂടിയായ ഗവർണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തണം. അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ** |

| | | | |
|---|---|---|---|
| | | | കൂടുതൽ വാണിജ്യവത്ക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അടിയന്തിരമായി ആവശ്യമാണ്. |
| (ബി) | അധ്യാപക നിയമനങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതും കരാർനിയമനങ്ങളെ പ്രോത്സാഹിക്കുന്നതുമായ പുതിയ യു.ജി.സി. വ്യവസ്ഥകൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ മികവിനെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 2025 ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തയിട്ടുണ്ട്. കരട് റെഗുലേഷനിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ചാൻസലറുടെ നോമിനി ചെയർപേഴ്സണും രണ്ട് അംഗങ്ങൾ പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസിലർ കൂടിയായ ഗവർണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തണം. അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവത്ക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | **രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അടിയന്തിരമായി ആവശ്യമാണ്.** |
| (സി) | വി.സി.നിയമനത്തിൽ ഗവർണർക്ക് അധികാരം നൽകുന്ന തരത്തിലുള്ള പുതിയ യു.ജി.സി. നിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെയും യു.ജി.സി.യെയും അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | **ഉണ്ട്. ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യത കണക്കാക്കാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി കരട് മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21.01.2025 ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്.കൂടാതെ, ഡ്രാഫ്റ്റ് റഗുലേഷനിലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ ശുപാർശകൾ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03.02.2025 ന് കേന്ദ്ര സർക്കാരിനേയും യു.ജി.സി യെയും അറിയിച്ചിട്ടുണ്ട്.** |
| (ഡി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ മറ്റ് സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നിയമപോരാട്ടം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ സമാന അഭിപ്രായമുള്ള മറ്റ് സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നിയമപോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ